(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇതിനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാണോ; എത്ര കോടിരൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; പദ്ധതി എന്ന് തുടങ്ങാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊന്നാനി മണ്ഡലത്തിലെ കുറ്റിപ്പുറം കുന്നംകുളം റോഡിന് കുറുകെയുള്ള വെളിയങ്കോട് റോക്ക് കം ബ്രിഡ്ജ് പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായുള്ള നിർദ്ദേശം RIDF-XX-ൽ സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിരുന്നില്ല. ആയതിനാൽ മേൽ പ്രവൃത്തി RIDF-XXI-ൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി നബാർഡിലേക്കും ഫണ്ടിന്റെ അഭാവംമൂലം RIDF-XXI-ൽ ഉൾപ്പെടുത്തേണ്ട പദ്ധതികളുടെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) 21 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

ചെനക്കൽകണ്ടി മിനി കുടിവെള്ള പദ്ധതി

185(886) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ പെരുവള്ളൂർ പഞ്ചായത്തിൽ ചെനക്കൽകണ്ടി മിനി കുടിവെള്ള പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ടോ എന്നറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly